# വഴിതെറ്റുന്ന വായനകൾ

**ഇസ്‌ലാമിക** നാഗരികതയിലെ 'അനിസ്‌ലാമികത കണ്ടെടുക്കാൻ *പച്ചക്കുതിര* (ഒക്ടോബർ)യിൽ ജെ. രഘു നടത്തുന്ന ശ്രമങ്ങൾക്ക് *പ്രബോധന*ത്തിൽ പി.ഐ നൗഷാദ് നൽകിയ മറുപടി വായിച്ചു (ലക്കം 25).

ആധുനിക പൂർവയുഗത്തിൽ ഇരുൾനിറച്ച് സ്വന്തമായി വൈജ്ഞാനിക അപ്രമാദിത്വം ചമയാൻ മതേതര ആധുനികതയുടെ ജ്ഞാനപരിസരത്ത് നടക്കുന്ന നിരന്തര ശ്രമങ്ങളുടെ ഭാഗമാണ്, മതനാഗരികതകളുടെ ജ്ഞാനവ്യവസ്ഥകളോട് അവിശ്വാസം പുലർത്തുന്ന ഇത്തരം പ്രവണതകൾ. പുതിയ കാലത്തിന്റെ 'വിവരജിഹ്വകൾ' പറയുന്ന ഇസ്‌ലാമാണ് യഥാർഥ ഇസ്‌ലാമെന്ന വികല വീക്ഷണത്തെ കൈമെയ് മറന്ന് നിലനിർത്താൻ ശ്രമിക്കുന്നതുകൊണ്ടോ അല്ലെങ്കിൽ അത്തരമൊരു ഇസ്‌ലാം സങ്കൽപത്തിൽ അബോധപരമായെങ്കിലും കുടുങ്ങിക്കിടക്കുന്നതുകൊണ്ടോ ആണ് മതേതര ബുദ്ധിജീവികൾക്ക് ഇസ്‌ലാമിക നാഗരികതയോട് നിഷേധം പ്രഖ്യാപിക്കേണ്ടിവരുന്നത്.

എവിടെ നിന്നായാലും നന്മയെ സ്വാംശീകരിക്കാനുള്ള സഹജമായ ധർമബോധത്തിൽനിന്നാണ് ഇസ്‌ലാം സംസ്കൃതി ഇതര സംസ്കൃതികളുമായി കൈകോർക്കുന്നത്. ഹാറൂൻ റശീദടക്കമുള്ള അബ്ബാസീ ഖലീഫമാരുടെ കാലം പുസ്തക വിവർത്തനങ്ങളുടെ കൂടി കാലമായിരുന്നു. ബഗ്ദാദ് കേന്ദ്രീകരിച്ച് നടന്ന ഇത്തരം വൈജ്ഞാനിക വിനിമയങ്ങളാണ് ഇസ്‌ലാമിക നാഗരികത ഇതര നാഗരികതകളുമായി സഹകരിച്ചതിന്റെ ഒരു കാരണം. മാത്രമല്ല, നിലനിന്നിരുന്ന ബഹുദൈവത്വ വ്യവസ്ഥകളെ ആശയപരമായി വലിച്ചുകീറി ചരിത്രത്തിന്റെ ഓടയിലെറിയാൻ മാത്രമുള്ള വൈജ്ഞാനികവും ദാർശനികവുമായ ആഴങ്ങൾ ഇസ്‌ലാമിക നാഗരികതാദർശനത്തിനുണ്ടായിരുന്നു. ഇത്തരമൊരു വളർച്ചയിൽ സ്വീകരിക്കലുകളും തിരസ്കരിക്കലുകളും സ്വാഭാവികം.


ഇസ്‌ലാം കടന്നുവന്ന ശേഷമാണ് അതുവരെ ഒന്നുമല്ലാതിരുന്ന സ്പെയിൻ ചരിത്രത്തിൽ ഇടംപിടിച്ചത്. ഇസ്‌ലാമിക നാഗരികതയുടെ ഏറ്റവും ഉജ്ജ്വലമായ രംഗവേദിയായി മാറുകയായിരുന്നു സ്പെയിൻ. കണ്ണു ചികിത്സാ രംഗത്ത് ശാസ്ത്രീയ മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയ കമാലുദ്ദീൻ കമാൽ (ബഗ്ദാദ്), പകർച്ചവ്യാധിയുമായി ബന്ധപ്പെട്ട് ശ്രദ്ധേയ ഗവേഷണങ്ങൾ നടത്തിയ ഇബ്നു ഖത്വീബ് (സ്പെയിൻ), രക്തചംക്രമണത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയ ഇബ്നു നഫീസ് (സ്പെയിൻ) എന്നു തുടങ്ങി പതിനേഴാം നൂറ്റാണ്ടുവരെയുള്ള ഘട്ടത്തിൽ ഇസ്‌ലാമിക വൈജ്ഞാനികധാര പുരോഗതിയുടെ ഉത്തുംഗശൃംഖങ്ങളിലായിരുന്നു.

ഇന്ന് നടക്കുന്ന പല വൈജ്ഞാനിക മുന്നേറ്റങ്ങളുടെയും ചരിത്രപരമായ ഉത്തരവാദിത്വം അന്നത്തെ ഇസ്‌ലാമിക പണ്ഡിതന്മാർക്കാണ്. ഗസ്സാലിയും ഇബ്നുസീനയുമൊക്കെ കേവല മുസ്‌ലിംകളായിരുന്നില്ല; യഥാർഥ വിശ്വാസികളും ഇസ്‌ലാമിക പണ്ഡിതന്മാരുമായിരുന്നു. ചരിത്രത്തിൽ അറബി പണ്ഡിതന്മാരെന്നല്ല; ഇസ്‌ലാമിക പണ്ഡിതന്മാർ എന്നുതന്നെയാണ് അവർ സ്വയം അടയാളപ്പെടുത്തിയത്. നവോത്ഥാനാനന്തര ഹ്യൂമനിസ്റ്റ് വാദങ്ങൾ അമിതമായി വിഴുങ്ങി മത്തുപിടിച്ചതുകൊണ്ടാണ് രഘുവിനെപ്പോലുള്ളവർക്ക് ഇത്തരം നാഗരിക പാരമ്പര്യങ്ങളെ നിഷേധിക്കേണ്ടിവരുന്നത്.

ഈ വസ്തുതകൾ നിലനിൽക്കുന്ന സവർണ അറിവധികാരങ്ങളെ നിശിതമായി വെല്ലുവിളിക്കുമ്പോഴുണ്ടാകുന്ന വിഭ്രാന്തിയിൽനിന്നാണ് പുതിയ ചരിത്രാഖ്യാനങ്ങളും വിശകലനങ്ങളും വഴിതെറ്റിപ്പോകുന്നത്. ആനന്ദിനെപ്പോലുള്ള ബുദ്ധിജീവികളുടെ ചരിത്ര വിശകലനം ശ്രദ്ധിച്ചാൽ ഇത് വ്യക്തമാകും.

കൊളോണിയൽ ആധുനികത രൂപവത്കരിച്ച മതം/ ഭൗതികത ദ്വന്ദ വൈരുധ്യങ്ങൾ തകർന്നുകൊണ്ടിരിക്കുന്ന പുതിയ കാലത്ത് നാഗരിക ചരിത്രങ്ങളെ കൂടുതൽ സൂക്ഷ്മതയോടെ വായിക്കുന്നതിലെ അപാകതയാണ് രഘുവിനെപ്പോലുള്ളവരെ അടിതെറ്റിക്കുന്നത്.

**എസ്. മുഹമ്മദ് ഷാ**
**അസ്ഹറുൽ ഉലൂം ആലുവ**




# ചരിത്രവിസ്മയമായി എറണാകുളം സമ്മേളനം

**ജമാഅത്തെ** ഇസ്‌ലാമി അഖിലേന്ത്യാ അമീർ മൗലാനാ ജലാലുദ്ദീൻ അൻസ്വർ ഉമരിയുടെ നേതൃത്വത്തിൽ 'നീതിക്ക് സമാധാനത്തിന്' എന്ന മുദ്രാവാക്യമുയർത്തി ദൽഹിയിൽനിന്നാരംഭിച്ച ദേശീയ യാത്രക്ക് നവംബർ 25ന് എറണാകുളം മറൈൻ ഡ്രൈവിൽ സമാപനം കുറിച്ച് നടന്ന മഹാ സമ്മേളനം ചരിത്രവിസ്മയം തന്നെയായിരുന്നു. സ്ത്രീകൾ ഉൾപ്പെടെ ലക്ഷം കവിഞ്ഞ ജനസഞ്ചയം. സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിൽ സംഘാടകർ കാണിച്ച ആസൂത്രണപാടവം കുറ്റമറ്റതായി. സ്റ്റേജിൽ നേതാക്കളുടെ പ്രസംഗങ്ങളും അവർ കൈക്കൊണ്ട സമയനിയന്ത്രണവും മാതൃകാപരമായിരുന്നു. നിമിഷങ്ങൾക്കകം അണിശരിപ്പെടുത്തി, അമീറിന്റെ നേതൃത്വത്തിൽ ആ ജനസഞ്ചയം മൈതാനിയിൽ നടത്തിയ നമസ്കാരവും യോഗത്തിലുടനീളം പ്രകടമായ അച്ചടക്കവും ഹൃദ്യമായ അനുഭവമായി മനസ്സിൽ തങ്ങിനിൽക്കുന്നു.

ഈ സമ്മേളനത്തിന്റെ ചരിത്ര പ്രാധാന്യം, വൈകിയാണെങ്കിലും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഒരു രാഷ്ട്രീയ പാർട്ടിക്ക് രൂപംനൽകുമെന്ന പ്രഖ്യാപനമാണ്. ഈ തീരുമാനം പ്രാവർത്തികമാകുന്നതോടെ ഇന്ത്യൻ രാഷ്ട്രീയത്തിൽ അതൊരു വഴിത്തിരിവാകുമെന്ന് പ്രതീക്ഷിക്കാം. തീവ്രവാദവേട്ടയുടെ പേരിൽ ഒരു സമുദായത്തെ മുഴുവൻ പ്രതിസ്ഥാനത്ത് നിർത്തി പീഡിപ്പിച്ചുവരുന്ന ഈ സന്ദർഭംതന്നെ രാഷ്ട്രീയ പ്രവേശന പ്രഖ്യാപനത്തിനു തെരഞ്ഞെടുത്തത് ഉചിതമായി.

**എം.എൻ മുഹമ്മദ് കാസിം കാഞ്ഞിരപ്പള്ളി**

# പ്രായോഗിക രാഷ്ട്രീയത്തിലേക്ക് ഒരു ചുവടുവെപ്പ്

**ഇന്ത്യൻ** സമൂഹത്തിന് നിരവധി കനപ്പെട്ട സംഭാവനകൾ നൽകിയ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മറ്റൊരു ചരിത്ര പ്രഖ്യാപനമാണ് ജമാഅത്ത് അഖിലേന്ത്യാ അമീർ മറൈൻ ഡ്രൈവ് സമ്മേളനത്തിൽ നടത്തിയത്. ജനജീവിതത്തിന്റെ സമൂലമായ പരിവർത്തനം ലക്ഷ്യമിട്ട ഒരു പ്രസ്ഥാനത്തിന് മനുഷ്യസഞ്ചയത്തിന്റെ ഗതിവിഗതികളെ ഗണ്യമായി സ്വാധീനിക്കുന്ന രാഷ്ട്രീയ മേഖലയെ അവഗണിക്കുക സാധ്യമല്ല. പ്രവാചകന്മാരും അവരുടെ സദ്‌വൃത്തരായ അനുയായികളും ചരിത്രത്തിൽ നിർവഹിച്ച ദൗത്യം തന്നെയാണ് ഇസ്‌ലാമിക പ്രവർത്തകർക്ക് ഭാരതത്തിന്റെ സവിശേഷ സാഹചര്യത്തിൽ നിർവഹിക്കാനുണ്ടാവുക. "താങ്കൾ ജനത്തെ അന്ധകാരങ്ങളിൽനിന്ന് മോചിപ്പിച്ച് പ്രകാശത്തിലേക്ക് കൊണ്ടുവരുവാൻ" (ഖുർആന് 14:1) എന്ന വചനത്തിൽ ആ ദൗത്യമാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. സയ്യിദ് മൗദൂദി ഇതിന് നൽകിയ വ്യാഖ്യാനം ഇങ്ങനെയാണ്: "ദൈവിക പന്ഥാവിലല്ലാത്ത എല്ലാ വ്യക്തികളും തങ്ങളുടെ ചിന്താഗതികൾ എത്രതന്നെ പ്രദീപ്തമാണെന്ന് ധരിച്ചാലും വിജ്ഞാനത്തിന്റെ പ്രകാശം എത്രതന്നെ ലഭിച്ചിട്ടുണ്ടെന്ന് വാദിച്ചാലും യഥാർഥത്തിൽ അജ്ഞതയുടെ അന്ധകാരത്തിൽ വഴിതെറ്റി നടക്കുകയാണ് ചെയ്യുന്നത്." വിജ്ഞാനത്തിന്റെ കുത്തകയവകാശപ്പെട്ട ദർശനങ്ങളെല്ലാം തകർന്നു തരിപ്പണമാവുന്ന ഒരുകാലത്ത് ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ പ്രായോഗിക മാതൃക തേടുന്നു എന്നതാണ് ഇസ്‌ലാമിക പ്രസ്ഥാനത്തെ വ്യതിരിക്തമാക്കുന്നത്.

ചരിത്രത്തിന് മുമ്പിൽ സ്തംഭിച്ചുനിന്നവർക്കാർക്കും അതിജീവനത്തിന്റെ രീതിശാസ്ത്രം വികസിപ്പിച്ചെടുക്കാനായിട്ടില്ല. ചരിത്രം ഒരു വഴിത്തിരിവിലെത്തി നിൽക്കുമ്പോൾ, വേണ്ട രീതിയിൽ ഇടപെടുക എന്നതാണ് ജീവിച്ചിരിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ അതിജീവനാടയാളം.

**ഇൻസാഫ് പതിമംഗലം**

# മാറ്റം കൊതിക്കുന്ന ജനം

**ഇസ്‌ലാമിക** പ്രസ്ഥാനം രാഷ്ട്രീയ പാർട്ടി രൂപവത്കരണത്തിന്റെ പ്രാഥമിക നടപടികൾ കൈക്കൊള്ളുന്നു എന്ന വാർത്ത സജീവ ചർച്ചാവിഷയമായിരിക്കുകയാണ്. പ്രസ്ഥാനം രാഷ്ട്രീയ വേദിയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയപ്പോൾതന്നെ ചിലർ വാളെടുത്ത് ഇറങ്ങിയിരിക്കുന്നു. ഇസ്‌ലാമിക ഭരണം എന്ന് കേൾക്കുമ്പോഴേക്കും ഇതെന്തോ കുടത്തിലടച്ച അപകടകാരിയായ ഭൂതമാണെന്നും അതിനെ തുറന്നുവിട്ടാൽ ലോകം നശിക്കുമെന്നും ആരൊക്കെയോ ധരിച്ചുവെച്ചിരിക്കുന്നു. മുസ്‌ലിം നാമധാരികളായ ആളുകൾ ഒരു കൈയിൽ ഖുർആനും മറുകൈയിൽ വാളുമായി നടന്ന് മുസ്‌ലിമാകാത്തവരെ മുഴുവൻ കൊന്നൊടുക്കുന്ന ഭീകരഭരണം. ഇങ്ങനെയാണ് ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കപ്പെടുന്നത്.

ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ ആരും ഇല്ലാത്ത അവസ്ഥയാണ് ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ. ജനം ഒരു മാറ്റത്തിന് അതിയായി കൊതിക്കുന്നു. പക്ഷേ, ആര് മുന്നിട്ടിറങ്ങും? ആ ചോദ്യത്തിനുള്ള മറുപടിയാണ് ഇസ്‌ലാമിക പ്രസ്ഥാനം തന്നിരിക്കുന്നത്. പക്ഷേ, പെട്ടെന്ന് സാധ്യമാകുന്ന ഒന്നല്ല ഇത്.

**ഇബ്നു ഹമാസ് അബൂദബി**

# പുരോഹിതന്മാരുടെ അറസ്റ്റും *മനോരമ* എഡിറ്റോറിയലും

**"ഈ** കേസിൽ സത്യം തെളിയണമെന്നു തന്നെയാണ് സഭാവിശ്വാസികൾ ഉൾപ്പെടെയുള്ള എല്ലാവരുടെയും ആഗ്രഹം. ഇപ്പോൾ തന്നെ രാഷ്ട്രീയക്കാരിൽ ചിലർ മുതലെടുപ്പ് മൊഴികളുമായി രംഗത്തെത്തിക്കഴിഞ്ഞു. കോടതിവിധി വരുന്നതുവരെ സ്വന്തം വിധിന്യായങ്ങളും പ്രസ്താവനകളുമായി അന്തരീക്ഷം കലുഷമിതമാക്കാതിരിക്കാനുള്ള പക്വതയാണ് എല്ലാവരിൽനിന്നും കേരളം പ്രതീക്ഷിക്കുന്നത്" (*മലയാള മനോരമ*, 2008 നവംബർ 20 വ്യാഴം).

സിസ്റ്റർ അഭയ കൊലക്കേസുമായി ബന്ധപ്പെട്ട് രണ്ട് അഭിവന്ദ്യ പിതാക്കന്മാരും ഒരു സന്യാസിനിയും അറസ്റ്റിലായത് ആഘോഷിക്കാൻ കൊച്ചിയിലെ മജിസ്ട്രേറ്റ് കോടതിക്കു മുന്നിൽ തടിച്ചുകൂടിയ ആൾക്കൂട്ടത്തിന്റെ നിലവാരത്തിലേക്ക് പത്ര/ചാനൽ മാധ്യമങ്ങൾ അധഃപതിക്കുന്നതിനെതിരെയുള്ള ശ്രദ്ധേയമായ ഒരു മുന്നറിയിപ്പാണ് ഈ എഡിറ്റോറിയൽ. ആനുകാലിക സംഭവവികാസങ്ങളെ ആശങ്കയോടെ നോക്കിക്കാണുകയും നീതിയുടെ പക്ഷത്ത് നിലകൊള്ളുകയും ചെയ്യുന്ന ഓരോ മലയാളിയും നെഞ്ചത്തു കൈവെച്ചുകൊണ്ട് പറഞ്ഞുപോകുന്ന പക്വതയുടെയും ആർജവത്തിന്റെയും വാക്കുകൾ.

പക്ഷേ, മൂന്ന് ക്രിസ്തീയ പുരോഹിതന്മാരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്ക് വിധേയമാക്കിയപ്പോൾ മാത്രം *മനോരമ*ക്ക് ബോധ്യപ്പെട്ട 'പക്വത' തങ്ങളുടേതല്ലാത്ത വിഭാഗങ്ങളിൽനിന്നുള്ളവർ ഇന്ത്യയിലുടനീളം സമാനമായതോ ഏറിയതോ ആയ തരത്തിലുള്ള പീഡനങ്ങൾക്ക് വിധേയമായിക്കൊണ്ടിരുന്നപ്പോൾ എവിടെയായിരുന്നു എന്ന് വായനക്കാർ സംശയിക്കാതിരിക്കില്ല.

മാലേഗാവിലെയും മൊഡാസയിലെയുമൊക്കെ തെരുവുകളിൽ ചിതറിവീണ മനുഷ്യരക്തത്തിന്റെ പിന്നിൽ പ്രവർത്തിച്ച യഥാർഥ പ്രതികളുടെ മതവും രാഷ്ട്രീയവുമൊക്കെ നാട് തിരിച്ചറിഞ്ഞുകൊണ്ടിരുന്നപ്പോൾ പോലും മുസ്‌ലിം ഭീകരതയെക്കുറിച്ച് എക്സ്ക്ലൂസീവുകൾ പടച്ചുവിട്ടുകൊണ്ട് ആഘോഷിച്ച മാധ്യമങ്ങൾ, അവയിൽ പല കേസുകളുടെയും അവസാന പരിണതിയെക്കുറിച്ച് ഏതു നിലവാരത്തിലാണ് റിപ്പോർട്ട് ചെയ്തതെന്നും നമുക്കറിവുള്ളതാണ്.

കർണാടക വനത്തിലെ 'മുസ്‌ലിം ഭീകര'ന്മാരുടെ പരിശീലനകേന്ദ്രത്തിന്റെ സചിത്ര വിശദീകരണങ്ങളും, ബാംഗ്ലൂർ ഉൾപ്പെടെയുള്ള ഐ.ടി മേഖലയിലെ മുസ്‌ലിംകളുടെ തീവ്രവാദബന്ധം ചികിച്ചികച്ചിലും, നാടിനെ നടുക്കി വിവിധ പ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബോംബ്സ്ഫോടനങ്ങൾക്ക് പിന്നിലെ മുസ്‌ലിം കണക്ഷനുമൊക്കെ വരികൾക്കിടയിലും അല്ലാതെയുമായി ചൂടാറാതെ മലയാളിക്ക് മുമ്പിൽ അവതരിപ്പിച്ചുകൊണ്ടിരുന്ന ഒരു പത്രത്തിന്റെ കുമ്പസാരം ഇത്ര പെട്ടെന്ന് വായനക്കാർക്ക് എത്തിച്ചുതന്ന ദൈവത്തിന് സ്തോത്രം.

അഭയക്കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട പുരോഹിതർ നിരപരാധികളാണെങ്കിൽ അവരെ മോചിപ്പിക്കാൻ മുഴുവൻ മനുഷ്യസ്നേഹികളുടെയും പ്രാർഥന അവർക്കൊപ്പമുണ്ടാകണം. അതോടൊപ്പം, അന്യായമായി തടവറയിൽ കിടന്ന് നരകിക്കുന്ന മുഴുവൻ മനുഷ്യരുടെ മോചനത്തിനു വേണ്ടിയും ഇതുണ്ടാവണം. പക്ഷേ, അതിന്റെ അടിസ്ഥാനം ജാതിയും മതവുമൊക്കെയാകരുതെന്നു മാത്രം.

**കെ.കെ മുഹമ്മദ് സാദിഖ്,**
**ഈരാട്ടുപേട്ട**
kkmsadik@hotmail.com